DESPATCHED
08/06/2020
6.5.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2396(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.12726/എസ്.ഐ.സി-ജി 6/18
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീമതി.ഇ.കെ.റീത്ത
എനോക്കാരൻ വീട്, മണ്ണുത്തി പി.ഒ
തൃശൂർ–680 651
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   സീനിയർ സൂപ്രണ്ട്
   ഗവ.നേഴ്സിംഗ് കോളേജ്, എറണാകുളം
   എച്ച്.എം.ടി.കോളനി പി.ഒ–683503
2. അപ്പീൽ അധികാരി ആന്റ്
   പ്രിൻസിപ്പാൾ
   ഗവ.നഴ്സിംഗ് കോളേജ്
   എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.07.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 11.09.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 10.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07.11.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 09.11.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.04.2019, 29.01.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25.06.2019, 14.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ലെന്നും, തെറ്റായ വിവരം നൽകിയെന്നും ആയതിനാൽ അപ്പീൽ

അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് മറുപടി ലഭ്യമായില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 25.07.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ സർക്കാർ ഏറ്റെടുക്കുമ്പോൾ നഴ്സിംഗ് കോളേജിൽ കരാറടിസ്ഥാനത്തിൽ ക്ലിനിക്കൽ ഇൻസ്ട്രർമാരായി ജോലിചെയ്തിരുന്നവർ ആരൊക്കെയെന്നും ഇനം 2 ൽ അവരെ റിലീവ് ചെയ്തിട്ടുണ്ടെങ്കിൽ എന്നെന്നും, ഇനം 3 ൽ അവരെ റിലീവ് ചെയ്ത ശേഷം എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് അതിന് കാരണമെന്നുമാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 30.08.2018 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരി 11.09.2018 ൽ അപ്പീൽ അപേക്ഷ നൽകുകയും, ആയതിന് അപ്പീലധികാരി 10.10.2018 മറുപടി നൽകുകയും ചെയ്തു.

4. 25.06.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവയ്ക്കുള്ള മറുപടി ഓഫീസിൽ നിന്നും 30.08.2018 നും അപ്പീലിനുള്ള മറുപടി 11.10.2018 നും തപാൽ മുഖേന അറിയിച്ചിട്ടുണ്ടെന്നും, ആയതിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതിനു ശേഷമാണ് കൂടുതൽ വിവരങ്ങൾ ലഭ്യമായതെന്ന് എസ്.പി.ഐ.ഒ ബോധിപ്പിക്കുകയും, മറുപടി നൽകിയതിന് പുറമേ പിന്നീട് ലഭ്യമായ വിവരങ്ങൾ കൂടി ചേർത്ത് ഒരു മറുപടി ഹർജിക്കാരനും കമ്മീഷനിലേയ്ക്കും നൽകാൻ ഹിയറിംഗ് സമയത്ത് കമ്മീഷൻ നിർദ്ദേശിക്കുകയും, 14.02.2020 ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം 13.02.2020 ന് വിശദമായ റിപ്പോർട്ട് ഹർജിക്കാരിക്ക് നൽകുകയും, ആയതിന്റെ പകർപ്പ് കമ്മീഷനിൽ സമർപ്പിക്കുകയും ചെയ്യുന്നുവെന്നുമാണ്. ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 06-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM